# ലഹരി

MDMA , ചരസ് , ഹാഷിഷ് ,കഞ്ചാവ്
തിന്നു കുടിച്ചു മദിച്ചു പുളക്കും
യൂത്തുവീരൻ - വീരത്തികൾ
എന്ത് ചെയ്യാം എന്ത് ചെയ്യാം
ഓർത്തുവേദനിച്ചു ഞാൻ

പുകയില , പൊടിയിൽ ജീവിതം ഹോമിച്ചു
കയ്യിലെ കാശ് ,കനലായി എരിഞ്ഞു
കുടുംബം മറന്നു നാടിനെ മറന്നു
ഒരൊറ്റ ലഹരിക്കായ് സ്വന്തം ജീവൻ
പണയം വെച്ചു
പാതകൾ തെറ്റി , ബന്ധങ്ങൾ മുറിഞ്ഞു
ആരോഗ്യം പോയി മനസ്സും തളർന്നു
നാളത്തെ വാഗ്ദാനം , ഇന്നത്തെ ഭാരം
പോലീസ്സ്റ്റേഷനിലെ വെളിച്ചവും ഇരുട്ടും
അമ്മയുടെ കണ്ണുനീർ , അച്ഛന്റെ തേങ്ങൽ
ഇതൊന്നും കാണാതെ മുന്നോട്ട് പോകുവാൻ
കൂട്ടുകാർ ചൂണ്ടുന്നു പുത്തൻ ലഹരി

ഒരിക്കൽ അകപ്പെട്ടാൽ , തിരികെ വരുവോൻ ?
MDMA , ചരസ്, ഹാഷിഷ് കഞ്ചാവ് ,
ഇതൊരു മരണക്കായമാണ് , അറിയുക !

ആയിഷ അൻവർ
8 D